ലോണും സബ്സിഡിയും കൊടുക്കാനുള്ള സമഗ്രമായ ഒരു പദ്ധതി റബ്ബർ ബോർഡ് സമർപ്പിച്ചിരിക്കുന്നു. പക്ഷേ ഇപ്പോഴും എന്തായാലും റബ്ബർബോർഡിന്റെ ഓഫീസുകളിൽ ഒന്നുംതന്നെ റീപ്ലാന്റിംഗ് സബ്സിഡിക്കും ലോണിനുംവേണ്ടിയുള്ള അപേക്ഷകളും സ്വീകരിക്കുന്നില്ല. ഇന്നുള്ള തുക ഇരട്ടിയായി വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം കർഷകരുടെ ഭാഗത്തുനിന്ന് വളരെ ശക്തിയായി ഉയർന്നു വന്നിരിക്കുന്ന സാഹചര്യത്തിൽ റബ്ബർ ബോർഡും, നബാർഡും, സഹകരണബാങ്കുകളും ചേർന്നുകൊണ്ട് ഒരു പദ്ധതിക്ക് രൂപം നൽകാൻ പോകുന്നുവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. റീപ്ലാന്റിംഗ് സബ്സിഡിയും ലോണും കൃഷിക്കാർക്ക് ലഭിക്കാനും അതിനുള്ള അപേക്ഷകളും ഇപ്പോഴത്തന്നെ വാങ്ങാനും ഉള്ള സംവിധാനം ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെൻറിന് കാര്യമായിട്ടൊന്നും ചെയ്യാനില്ല. ഇത് റബ്ബർ ബോർഡിന്റെ ഒരു പദ്ധതിയാണ്. ഒരു ലക്ഷം ഏക്കർ സ്ഥലം പുതിയതായി കൃഷി ചെയ്യാനും 35,000 ഏക്കർ സ്ഥലത്ത് ആവർത്തനക്കൃഷി ചെയ്യാനുമാണ് റബ്ബർ ബോർഡ് തീരുമാനിച്ചിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ അവർ പദ്ധതി ആവിഷ്ക്കരിച്ചു. ഏതാണ്ട് 150 കോടി രൂപയുടെ ഒരു പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെങ്കിലും 50 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നാണ് ബോർഡിൽനിന്ന് കിട്ടിയ വിവരം. അത് അന്തിമമാണെന്ന് കരുതുന്നില്ലായെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്തായാലും ആവർത്തനക്കൃഷി നടത്തേണ്ടതാവശ്യമാണ്. അതിന് കൊടാക്കുന്ന സബ്സിഡി നിരുത്സാഹപ്പെടുത്താൻ ഇതുവരെ തീരുമാനിച്ചിട്ടില്ല. അങ്ങനെയൊരു സൂചനപോലുമില്ല അങ്ങനെയൊരു നടപടിയും സ്വീകരിക്കാൻ മുതിരരുതെന്ന് സംസ്ഥാന ഗവൺമെൻറ് ആവർത്തിച്ച് ബോർഡിനോടും ഗവൺമെൻറ് ഓഫ് ഇൻഡ്യയോടും ആവശ്യപ്പെടുന്നതാണ്.

(4) കുന്നപ്പള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീം കമ്മീഷൻ ചെയ്യൽ

ശ്രീ. പി. സി. തോമസ് കടുത്തുരുത്തി : സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട മുളക്കുളം പഞ്ചായത്തിലെ കുന്നപ്പള്ളി ലിഫ്റ്റ് ഇറിഗേഷന്റെ പണി പൂർത്തിയായിട്ട് മൂന്നുനാലു മാസങ്ങൾ കഴിഞ്ഞു. ഇതുവരെ കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. പമ്പ് ഹൗസിൽ വിദ്യുച്ഛക്തി എത്തിക്കുകയെന്നുള്ളതാണ് പ്രശ്നം. ജലസേചന വകുപ്പോ, വിദ്യുച്ഛക്തി ബോർഡോ ആരാണ് വൈദ്യുതി എത്തിക്കേണ്ടതെന്നുള്ള സംശയത്തിലാണ്. ഇത്രയും പണം ചെലവാക്കി വളരെ നാളുകൾ കൊണ്ടാണെങ്കിലും പൂർത്തിയാക്കിയ ഈ പദ്ധതി കഴിവതും വേഗം കമ്മീഷൻ ചെയ്തു കാണാൻ അവിടെയുള്ള ആളുകൾ ആഗ്രഹിക്കുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇത് ഏറ്റവും വേഗം കമ്മീഷൻ ചെയ്യുന്നതിന് ബന്ധപ്പെട്ട അധികാരികളെ ചുമതലപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ലിഫ്റ്റ് ഇറിഗേഷന്റെ പണികൾ എല്ലാം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഇലക്ട്രിക് കണക്ഷൻ ലഭ്യമായിട്ടില്ല. കണക്ഷൻ കിട്ടി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly